**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3817** **09-10-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ നീതി വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യ നീതി വകുപ്പ് ആലപ്പുഴ ജില്ലയിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ വിവിധ പദ്ധതികളുടെ വിശദവിവരം നിയോജക മണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന ആലപ്പുഴ ജില്ലയിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | സാമൂഹ്യ നീതി വകുപ്പ് പ്രസ്തുത കാലയളവിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ സാമൂഹ്യക്ഷേമപദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന ആലപ്പുഴ ജില്ലയിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ക്രമ നം | പദ്ധതിയുടെ പേര് | സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് | 2022-23 | 20,000 |
| 2 | മാതൃജ്യോതി | 2021-22 | 89,200 |
| | | 2022-23 | 1,60,645 |
| | | 2023-24 | 1,72,000 |
| | | 2024-25 | 1,16,000 |
| 3 | സ്വാശ്രയ | 2021-22 | 8,05,000 |
| | | 2022-23 | 2,45,000 |
| | | 2023-24 | 1,40,000 |
| | | 2024-25 | 1,05,000 |
| 4 | മന്ദഹാസം | 2023-24 | 1,70,000 |
| 5 | വിദ്യാകിരണം | 2021-22 | 1,859,500 |
| | | 2022-23 | 2,501,750 |
| | | 2023-24 | 1,747,150 |
| | | 2024-25 | 1,771,500 |
| 6 | പരിണയം | 2021-22 | 2,760,000 |
| | | 2022-23 | 1,500,000 |
| | | 2023-24 | 3,90,000 |
| | | 2024-25 | 6,90,000 |
| 7 | വിദ്യാജ്യോതി | 2021-22 | 42,884 |
| | | 2022-23 | 12,265 |
| | | 2023-24 | 21,930 |
| 8 | വിജയാമൃതം | 2021-2022 | 18,320 |
| | | 2022-23 | 10000 |
| | | 2023-24 | 9000 |
| 9 | പരിരക്ഷ | 2021-2022 | 73450 |
| | | 2022-23 | 166463 |
| | | 2023-24 | 439010 |
| | | 2024-25 | 6,50,770 |
| 10 | ഇമ്പ്രസ്റ്റ് മണി | 2021-2022 | 19,215 |
| | | 2022-23 | 72014 |
| | | 2023-24 | 25000 |
| | | 2021-22 | 32336 |
| 11 | സഹചാരി | 2021-2022 | 24220 |
| | | 2022-23 | 21550 |
| | | 2023-24 | 11000 |
| | | 2024-25 | 10000 |
| 12 | വയോരക്ഷ | 2021-2022 | 122094 |
| | | 2022-23 | 322968 |
| | | 2023-24 | 350995 |

| | | | |
|---|---|---|---|
| | | 2024-25 | 100000 |
| 13 | വയോപോഷണം | 2021-22 | 121499 |
| | | 2022-23 | 157055 |
| 14 | ട്രാൻസ്ജെന്റർ ഹോസ്റ്റൽ ഫീസ് | 2022-23 | 40000 |
| 15 | ട്രാൻസ്ജെൻഡർ വിവാഹ ധനസഹായം | 2022-23 | 60000 |
| | | 2023-24 | 60000 |
| | | 2024-25 | 30000 |
| 16 | കരുതൽ | 2023-24 | 71160 |
| 17 | ശ്രേഷ്ഠം | 2024-25 | 10000 |
| 18 | ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസം | 2021-22 | 10000 |
| 19 | മിശ്രവിവാഹം | 2021-22 | 21,60,000 |
| | | 2022-23 | 45,30,000 |
| | | 2023-24 | 41,10,000 |

**മറ്റു പദ്ധതികൾ**

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതി വിശദാംശം |
|---|---|---|
| 1 | ട്രാൻസ്ജെന്റർ സ്കോളർഷിപ്പ് | സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. |
| 2 | മാതൃജ്യോതി | ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് മുഖേന പ്രതിമാസം 2,000/- രൂപ ക്രമത്തിൽ കുഞ്ഞിന് 2 വയസ്സ് ആകുന്നതുവരെ ധനസഹായം അനുവദിക്കുന്നു. |
| | | തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് പരസഹായമില്ലാതെ അവരുടെ ദൈനംദിന കാര്യങ്ങൾ ചെയ്യുന്നതിന് കഴിയുകയില്ല. പലപ്പോഴും ഇത്തരക്കാർ വീട്ടിൽ തന്നെ കഴിയേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ഒരു കുടുംബത്തിൽ/വീട്ടിൽ തീവ്ര ശാരീരിക മാനസിക വെല്ലുവിളിയുള്ള ഒരു വ്യക്തി ഉണ്ടെങ്കിൽ ആ വീട്ടിലെ ഒ |

| | | |
|---|---|---|
| 3 | സ്വാശ്രയ | രു മുതിർന്ന വ്യക്തി (അച്ഛൻ/അമ്മ) മറ്റ് ജോലിക്കൊന്നും പോകാൻ കഴിയാതെ അവരെ സംരക്ഷിക്കുന്നതിനും അവരുടെ ദൈനംദിന ക ാര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുമായി വീട്ടിൽ തന്നെ കഴിയേണ്ടി വരുന്നു. ഇത്തരം രോഗാവസ്ഥയിലുള്ളവരെ ഒറ്റയ്ക്ക് വീട്ടിലാക്കിയിട്ട് മ റ്റൊരു ജോലിക്ക് പോകാൻ വിഷമിക്കുന്നവർ ധാരാളമുണ്ട്. ഈ സാ ഹചര്യത്തിൽ തീവ്ര ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വ്യക് തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/ര ക്ഷകർത്താവിന് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് ഒറ്റത്തവണയാ യി 35,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ്**സ്വാശ്രയ.** |
| 4 | മന്ദഹാസം | ദാരിദ്യ്ര രേഖക്ക് താഴെയുള്ള വയോജനങ്ങൾക്ക് കൃത്രിമ ദന്തങ്ങളു ടെ പൂർണസെറ്റ് (denture) സൗജന്യമായി വെച്ചുകൊടുക്കലാണ് പദ്ധ തി ലക്ഷ്യമിടുന്നത്. |
| 5 | വിദ്യാകിരണം | സാമ്പത്തിക പരാധീനത മൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ് യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതി സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. |
| 6 | പരിണയം | ഭിന്നശേഷിമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കള െയും/ ഭിന്നശേഷിയുള്ള പെൺകുട്ടികളെയും നിയമാനുസൃതം വിവാ ഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുക എന്നുള്ളതാണ് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന് ന പരിണയം പദ്ധതിയുടെ ലക്ഷ്യവും ഉദ്ദേശവും. ഗുണഭോക്താക്കൾക് ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്നു. |
| 7 | വിദ്യാജ്യോതി | ഭിന്നശേഷിയുള്ള കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേയ്ക്ക് ന യിച്ച് സാമൂഹ്യാടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് മുഖേന വിദ്യാജ്യോതി പദ്ധതി നടപ്പാക്കുന്നു. പദ്ധതി പ്രക ാരം സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന് ന 40% -മോ അതിന് മുകളിലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധന സഹായം അനുവദിക്കുന്നു. |

| | | |
|---|---|---|
| | | |
| 8 | വിജയാമൃതം | വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി/തത്തുല്യ കോഴ്സ്, ബിരുദാനന്തര ബിരുദം / പി.ജിക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം. |
| 9 | പരിരക്ഷ | സാമൂഹിക സാമ്പത്തിക ശാരീരികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സമൂഹത്തിലെ ഭിന്നശേഷിക്കാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോട്ടുകൂടി നടപ്പാക്കുന്ന പദ്ധതിയ ാണ് പരിരക്ഷ. |
| 10 | ഇമ്പ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥർക്കും അശരണർക്കും ആഹാരം, വസ്ത്രം, വൈദ്യസഹായം മറ്റു അടിയന്തിര സേവനങ്ങൾ എന്നിവ നൽകി അവരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ഇംപ്രസ്റ്റ് മണി. |
| 11 | സഹചാരി | പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന/പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി. ജില്ലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 3 യുണിറ്റുകൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡ് നൽകുന്നതോടൊപ്പം പ്രശംസാ പത്രവും മൊമെന്റോയും നൽകി ആദരിക്കുന്നു. |
| 12 | വയോരക്ഷ | സാമൂഹിക സാമ്പത്തിക ശാരീരികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സമൂഹത്തിലെ മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോട്ടുകൂടി നടപ്പാക്കുന്ന പദ്ധതിയാണ് വയോരക്ഷ. |
| 13 | വയോ പോഷണം | സായംപ്രഭ ഹോമിലെ ഗുണഭോക്താക്കൾക്ക് ന്യൂട്രിഷിയസ് ഭക്ഷ്യകിറ്റ് നൽകുന്നതിനായി നടപ്പാക്കിയ പദ്ധതി |

| | | |
|---|---|---|
| 14 | ട്രാൻസ്ജെന്റർ ഹ ോസ്റ്റൽ ഫീസ് | വീട്ടുകളിൽ നിന്നും അകന്നു കഴിയേണ്ടി വരുന്ന ട്രാൻസ്ജൻഡർ വിദ്യ ാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതി |
| 15 | ട്രാൻസ്ജെന്റർ വി വാഹ ധനസഹായ ം | ശസ്ത്രക്രിയയിലൂടെ പൂർണ്ണമായി സ്ത്രീ/പുരുഷൻ ആയി മാറിയിട്ടുള്ളവരും നിയമപരമായി വിവാഹം ചെയ്തവരുമായ ട്രാൻസ്ജെൻഡർ വ്യക്തി കൾക്ക് 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) വിവാഹധനസ ഹായമായി അനുവദിക്കുന്ന പദ്ധതി |
| 16 | കരുതൽ | പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹ ാരം കണ്ടെത്തുന്നതിനായി ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ന ടപ്പാക്കുന്ന പദ്ധതിയാണ് കരുതൽ പദ്ധതി |
| 17 | ശ്രേഷ്ഠം | കലാ-കായിക ഇനങ്ങളിൽ അഭിരുചിയും പ്രാവീണ്യവും ഉള്ള ഭിന്നശേ ഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ്/കാര്യക്ഷമത വർദ്ധിപ്പി ക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാ ണ് 'ശ്രേഷ്ഠം'. |
| 18 | ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസം | ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളി ൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർ ധാരാളമുണ്ട്. ഇത്തരക്കാർക്ക് ഓപ്പൺ യൂണിവേർസിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്സ് ട്രെഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോള ർഷിപ്പ് നൽകുന്ന പദ്ധതി |
| 19 | മിശ്രവിവാഹം | പട്ടികജാതി / പട്ടികവർഗ്ഗം ഒഴികെ മിശ്രവിവാഹം ചെയ്തത് മൂലം സാ മ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽ കുന്ന പദ്ധതി |

**<u>സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

**<u>1. ആശ്വാസകിരണം പദ്ധതി :</u>** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

**<u>2 . സ്നേഹസ്പർശം പദ്ധതി</u>** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം (2000/- രൂപ) നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം.

**<u>3. വയോമിത്രം പദ്ധതി :</u>** സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന പദ്ധതിയാണ് വയോമിത്രം. ആലപ്പുഴ ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റികളിലും പദ്ധതി നടപ്പാക്കുന്നു.

**<u>4. സ്നേഹപൂർവ്വം പദ്ധതി :</u>** മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം

**<u>5. സമാശ്വാസം (1,2,3,4) പദ്ധതി</u>** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം 1, 2, 3, 4 പദ്ധതികൾ.

**<u>6. വി കെയർ പദ്ധതി</u>** : സഹായമർഹിക്കുന്ന ദുർബല ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സുരക്ഷയും നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച ജീവകാരുണ്യ പദ്ധതിയാണ് വി - കെയർ. ഭാരിച്ച ചികിത്സാ ചെലവുകൾക്കും സങ്കീർണ്ണമായ രോഗമുള്ളവർക്കും ആശ്വാസമെത്തിക്കാനാണ് വി-കെയർ എന്ന പദ്ധതി. ജീവൻ രക്ഷാ ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ചുള്ള ആശുപ്രതി ചികിത്സാ ചെലവിനും നിബന്ധനകൾക്കു വിധേയമായും മാനദണ്ഡങ്ങളനുസരിച്ചും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

**<u>7. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തത്സമയം വിതരണം ചെയ്യുന്ന പദ്ധതി:</u>** സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും (UDID) നൽകുന്ന പദ്ധതിയാണിത്.

**<u>8. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):</u>** Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്നു.

**<u>9. ഓർമ്മത്തോണി പദ്ധതി:</u>** ഡിമൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലയിൽ പദ്ധതികൾക്ക് വേണ്ടി ചിലവഴിച്ച തുകയുടെയും, ഗുണഭോക്താക്കളുടേയും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വീ കെയർ

| ജില്ല | സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| ആലപ്പുഴ | 2021-22 | 9 | 7,95,048/- |
| | 2022-23 | 5 | 29,01,136 |
| | 2023-24 | 5 | 24,81,737/- |
| | 2024-25 | 3 | 6,05,332/- |
| | 2025-26 | 5 | 10,58,236/- |

2) സ്നേഹപൂർവ്വം

| ജില്ല | സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| ആലപ്പുഴ | 2021-22 | 2513 | 89,73,300 |
| | 2022-23 | 1696 | 93,40,500 |
| | 2023-24 | 3380 | 1,09,98,150 |
| | 2024-25 | 2465 | 65,81,250 |
| | 2025-26 | 2088 | 32,44,350 |

3) ആശ്വാസകിരണം

| ജില്ല | സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| ആലപ്പുഴ | 2021-22 | 6716 | 2,95,38,810 |
| | 2022-23 | 2156 | 13366200 |
| | 2023-24 | 1105 | 8689200 |
| | 2024-25 | 1747 | 22554000 |
| | 2025-26 | 1228 | 6268800 |

4) സമാശ്വാസം (1,2,3,4)

| ജില്ല | സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| ആലപ്പുഴ | 2021-22 | 188 | 12,05,400 |
| | 2022-23 | 161 | 5,10,000 |
| | 2023-24 | 81 | 7,74,500 |
| | 2024-25 | 107 | 5,22,600 |

| | | | |
|---|---|---|---|
| | 2025-26 | 92 | 2,88,700 |

5) സ്നേഹസ്പർശം

| ജില്ല | സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| ആലപ്പുഴ | 2021-22 | 40 | 9,60,000 |
| | 2022-23 | 38 | 12,66,000 |
| | 2023-24 | 93 | 18,60,000 |
| | 2024-25 | 96 | 9,60,000 |
| | 2025-26 | 41 | 1,64,000 |

**ആലപ്പുഴ ജില്ലയിൽ ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ**

| ജില്ല | വായ്പ പദ്ധതി - സ്വയം തൊഴിൽ/ വിദ്യാഭ്യാസ/ ഭവന/വാഹന (2021-22 മുതൽ 30/09/2025) | | ലോട്ടറി ധനസഹായം 5,000/- രൂപ വീതം(2023-24, 2024-25) | | സ്വയം തൊഴിൽ -ധന സഹായം 25,000/- രൂപ വീതം (2023-24, 2024-25) | | സ്വയം സഹായ സംഘങ്ങൾക്ക് -ധന സഹായം 20,000/- രൂപ വീതം (2023-24 മുതൽ 2025-26) | | പ്രൊവിഷൻസി അവാർഡ് - 5,000/- രൂപ വീതം (2025-26) | | സ്ഥിര നിക്ഷേപ പദ്ധതി - കുട്ടികൾക്ക് 20,000/- രൂപ വീതം (2023-24, 2024-25) | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (തുക ലക്ഷത്തിൽ) |
| ആലപ്പുഴ | 79 | 629.31 | 9 | 0.45 | 5 | 1.25 | 5 | 1 | 19 | 0.95 | 6 | 1.2 |